ലഭ്യമായശേഷം 6 മാസത്തെ സമയം അനുവദിച്ചിരുന്നു. അതുപ്രകാരം നിശ്ചിത പരിധിയ്ക്കുള്ളിൽതന്നെ പാലക്കാട് ജില്ലയിലെ എ.ജെ.ബി. സ്കൂൾ, എൽ.എൻ.പുരം, സി.എം.എം.ജെ.ബി.എസ്, മുരുകണി, പി.എ.എം.എം. യു.പി. സ്കൂൾ, കല്ലേപ്പുള്ളി എന്നീ സ്കൂളുകൾ അടച്ചുപൂട്ടണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയും പ്രസ്തുത ആവശ്യം നിരാകരിച്ചുകൊണ്ട് 8-7-2015-ലെ സ.ഉ.(സാധാ) 2776/15/പൊ.വി. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം**

54 (3779) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൽ റസാക് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഗവൺമെന്റ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം മുൻ വർഷത്തേതുമായി താരതമ്യം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്നും അതിനുള്ള കാരണവും പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉയർന്ന ക്ലാസ്സുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ സംസ്ഥാന സിലബസ്സിന് അതിനുള്ള പങ്ക് എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ വർഷം ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്തിട്ടുണ്ട്. 2014-15 വർഷത്തെ അപേക്ഷിച്ച് 2015-16 വർഷത്തിൽ 702 കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണം കുറവുള്ള സ്കൂളുകളെ തെരഞ്ഞെടുത്ത് എസ്.എസ്.എ.-യുടെ നേതൃത്വത്തിൽ ഫോക്കസ് പദ്ധതിയും കുട്ടികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പല പദ്ധതികളും നടപ്പിലാക്കിയിരുന്നു. ഈ കാരണങ്ങൾ കുട്ടികളുടെ എണ്ണം വർദ്ധിക്കാനിടയാക്കി.

(ബി) ഉയർന്ന ക്ലാസ്സുകളിലെ (സ്റ്റാൻഡേർഡ് 5 മുതൽ 9 വരെ) വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. കുട്ടികളുടെ എണ്ണം കുറയാൻ ഇടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly